## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2266 — 13.02.2013 ൽ മറുപടിയ്ക്ക്

### വൈദ്യുതി ചാർജ്ജ് ഓൺലൈൻ വഴി അടയ്ക്കുന്നതിന് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ് ഓൺലൈൻ വഴി അടയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കെ.എസ്.ഇ.ബി.യുടെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിംങ്ങിലൂടെയും വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 06.07.2011 മുതൽ നിലവിലുണ്ട്. |
| (ബി) ഏതെല്ലാം ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം നിലവിലുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം ലഭ്യമാക്കിയിട്ടുള്ളത്. |
| (സി) ഈ സംവിധാനം ഏതെല്ലാം സ്ഥലങ്ങളിലാണ് ലഭ്യമാക്കിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) സംസ്ഥാനത്തൊട്ടാകെയുള്ള എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. |

(.........2)

| | |
|---|---|
| (ഡി) സംസ്ഥാനത്തൊട്ടാകെ എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് ഓൺലൈനിൽ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ? | (ഡി) വൈദ്യുതി ബോർഡിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ വൈദ്യുതി ബോർഡ് എടുത്തു വരികയാണ്. അടുത്ത സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തോടു കൂടി (first quarter of next financial year) ഈ സംവിധാനത്തിന് തുടക്കം കുറിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**